"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വമിഷൻ - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലാ ശുചിത്വമിഷൻ ഓഫീസിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം.) തസ്തികയിൽ കാലടി, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ആയ ശ്രീമതി.അനുശ്രീ എൽ.എസ്.-നെ അന്യത്രസേവനവ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഐ.എ.)വകുപ്പ്**

സ.ഉ.(സാധാ) നം.2198/2025/LSGD　　　　　　തീയതി, തിരുവനന്തപുരം, 12-09-2025

---

പരാമർശം:-

1. സർക്കുലർ നം. 42/2013/ധന. തീയതി, 10/05/2013.
2. സ.ഉ.(പി)നം. 580/2013/ധന; തീയതി, 28/11/2013.
3. സ.ഉ.(കൈ)നം.72/2019/ത.സ്വ.ഭ.വ.; തീയതി,23/06/2019.
4. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30/07/2025-ലെ SM/2359/2024-B2(1) നം. കത്ത്.

**ഉത്തരവ്**

ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം.), അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും, ടി തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഇതിൻ പ്രകാരം തിരുവനന്തപുരം ജില്ലാ ശുചിത്വ മിഷൻ ഓഫീസിൽ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർ ഡിനേറ്റർ (എസ്.ഡബ്ല്യൂ.എം.) തസ്തികയിൽ കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ശ്രീമതി. അനുശ്രീ എൽ.എസ്.-നെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കണമെന്ന് പരാമർശം (4) പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ

ശുപാർശ ചെയ്തതിൻ പ്രകാരം തിരുവനന്തപുരം ജില്ലാ ശുചിത്വ മിഷൻ ഓഫീസിൽ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യു.എം) തസ്തികയിലേക്ക് എറണാകുളം, കാലടി, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, ശ്രീമതി. അനുശ്രീ എൽ. എസ്-നെ കെ.എസ്.ആർ. ഭാഗം-I ചട്ടം 140(സി)-യിലെ വ്യവസ്ഥകൾക്കും, അന്യത്രസേവനം സംബന്ധിച്ച പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിനീത വി ആർ

അണ്ടർ സെക്രട്ടറി

**പകർപ്പ് :-**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം

ശ്രീമതി അനുശ്രീ എൽ.എസ്. (ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല രജിസ്ട്രാർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ ജി&എസ്.എസ്.എ.), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (A2/135/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Alex G C

Date: 12-09-2025 13:18:17

സെക്ഷൻ ഓഫീസർ